# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2474** | **17/8/2017** -ലെ മറുപടി

## ജപ്പാൻ കുടിവെള്ള പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി.ടി.എ.റഹീം | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട്, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ഘാടനം എന്നാണ് നിർവ്വഹിച്ചത്; | (ബി) പ്രസ്തുത പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്ത് 27/02/2015-ൽ ഉദ്ഘാടനം നിർവ്വഹിച്ചു. |
| (സി) ഒളവണ്ണ, പെരുമണ്ണ, കുന്ദമംഗലം, പെരുവയൽ പഞ്ചായത്തുകളിലെ അപേക്ഷകർക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) **ഒളവണ്ണ പഞ്ചായത്ത്**<br>പന്തീരാങ്കാവ് ഹയർ സെക്കണ്ടറി സ്കൂളിന് സമീപത്താണ് ഒളവണ്ണ പഞ്ചായത്തിനു വേണ്ടിയുള്ള ടാങ്ക് സ്ഥാപിച്ചിരിക്കുന്നത്. ഈ പഞ്ചായത്തിൽ ആകെയുള്ള 125.76 കി.മീ. വിതരണ ശൃംഖലയിൽ 68.94 കി.മീ (54.8%) മാത്രമേ പൂർത്തിയായിട്ടുള്ളൂ.<br>ടാങ്കിൽ നിന്നുള്ള വിതരണക്കുഴൽ സ്കൂൾ റോഡിൽ പൊതുമരാമത്ത് വകുപ്പ് റോഡുവരെ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് മാങ്കാവ് – കണ്ണിപ്പറമ്പ് റോഡിൽ ഏകദേശം 200 മീറ്ററോളം പൈപ്പ് ലൈൻ സ്ഥാപിച്ചാൽ ഒട്ടുമ്പ്ര ഭാഗം (കുന്നത്ത് പാലം വരെയുള്ള) ഏകദേശം 16 കി മീ നീളത്തിൽ പൈപ്പ് ലൈൻ ചാർജ്ജ് ചെയ്യാവുന്നതാണ്. പ്രസ്തുത പ്രവൃത്തി മെയ് മാസം ആരംഭിച്ചെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ മൺസൂൺ കാലാവധി നിരോധനം നിലവിലുള്ളതുകൊണ്ട് പണി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. ആഗസ്റ്റ് 15 ന് ശേഷം നിരോധനം തീരുന്നതോടെ പണി പുനരാരംഭിക്കുന്നതാണ്. |

JSK/

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ റോഡുകളിലായി 12.78 കി മീ നീളത്തിൽകൂടി പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. ഇതിനായി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം തുക അടയ്ക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

ദേശീയ പാതയുടെ (കോഴിക്കോട് ബൈപ്പാസ് റോഡ്) വീതി കൂട്ടുന്ന പ്രവൃത്തികൾ നടന്നുവരുന്നതിനാൽ അതിനു കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് തീരുമാനമായിട്ടില്ല. ഈ കാര്യം ദേശീയ പാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, ദേശീയ പാത വിഭാഗം അധികൃതർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പൊതുമരാമത്ത് റോഡുകളിലെ പണി പൂർത്തിയാകുന്നതോടെ ദേശീയപാതയുടെ പടിഞ്ഞാറ് ഭാഗത്തുള്ള വിതരണ ശൃംഖലയുടെ ഏകദേശം 35 കി.മീ. ഓളം നീളത്തിൽ ചാർജ്ജ് ചെയ്ത് കുടിവെള്ള കണക്ഷൻ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പെരുമണ്ണ, പെരുവയൽ പഞ്ചായത്തുകൾ**

പെരുമണ്ണ, പെരുവയൽ പഞ്ചായത്തുകൾക്കായി പൊതുവായി പെരുമണ്ണ പഞ്ചായത്തിലാണ് ജലസംഭരണി സ്ഥാപിച്ചിരിക്കുന്നത്.

പെരുമണ്ണ പഞ്ചായത്തിൽ ആകെയുള്ള 48.37 കി.മീ വിതരണ ശൃംഖലയിൽ 40.59 കി.മീ (83.92%) പൂർത്തിയായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പ്രധാന വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുകയും സ്ഥലത്ത് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അനുമതിക്കുള്ള തുടർനടപടികൾ പൊതുമരാമത്ത് വകുപ്പിൽ നടന്നു വരുന്നു. പെരുമണ്ണ അങ്ങാടിക്കു സമീപം ബൈപ്പാസ് ജംഗ്ഷനിലടക്കം മാങ്കാവ് – കണ്ണിപ്പറമ്പ് – പാലാഴി പുത്തൂർ മഠം എന്നീ

റോഡുകളിലെ ഗ്യാപ്പ് വർക്കുകളും ഇന്റർകണക്ഷൻ വർക്കുകളും പൂർത്തിയാവുന്നതോടുകൂടി ഈ പഞ്ചായത്തിൽ 15 കി.മീ-ഓളം നീളത്തിൽ വിതരണ ശൃംഖല ചാർജ്ജ് ചെയ്യാവുന്നതാണ്. തുടർന്ന് ബാക്കിയുള്ള പി.ഡബ്ല്യു.ഡി റോഡുകളിലും പഞ്ചായത്ത് റോഡുകളിലും പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുന്നതാണ്.

പെരുവയൽ പഞ്ചായത്തിൽ ആകെയുള്ള 91.03 കി.മീ വിതരണ ശൃംഖലയിൽ 55.96 കി.മീ (62%) പൂർത്തിയായിട്ടുണ്ട്. മങ്കാവ് – കണ്ണിപ്പറമ്പ് റോഡിൽ പഞ്ചായത്ത് അതിർത്തിയിൽ കറുത്തേടത്ത് കടവ് തോടിന് കുറുകെയുള്ള പൈപ്പ് ലൈനിന്റെ (വെള്ളത്തിന് അടിയിലുള്ള ഭാഗം –എച്ച്.ഡി.പി.ഇ പൈപ്പ് ലൈൻ) രണ്ടറ്റവും നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിച്ച് ഈ പ്രവൃത്തി പൂർത്തിയാകുന്നതോടെ, പെരുവയൽ ജംഗ്ഷൻ വരെ (5 കി.മി) ചാർജ്ജ് ചെയ്യാവുന്നതാണ്. ഈ പഞ്ചായത്തിന്റെ പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ റോഡുകളിലായി ആകെ 11 കി.മീ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി അനുമതിക്ക് വേണ്ടി പ്രസ്തുത വകുപ്പിൽ കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**കുന്ദമംഗലം**

ഈ മേഖലയിൽ ആകെയുള്ള 93.8 കി.മീ വിതരണ ശൃംഖലയിൽ 83.41 കി.മീ (88.9%) പൂർത്തിയായിട്ടുണ്ട്. എങ്കിലും പൈപ്പ് ലൈനുകളിലെ ഇന്റർകണക്ഷനുകളും ആദ്യ കരാറുകാരൻ അവശേഷിപ്പിച്ച ഗ്യാപ്പുകളും ചെയ്യുന്നതിലെ ജലവിതരണം പൂർണ്ണതോതിൽ തുടങ്ങാൻ പറ്റുകയുള്ളൂ. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കെല്ലാം പൈപ്പിടുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. മെയ് മാസം പണി

ആരംഭിച്ചെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ മൺസൂൺ കാലത്തുള്ള നിരോധനം നിലവിലുള്ളതുകൊണ്ട് പണി താല്ക്കാലികമായി നിർത്തിവച്ചിരിക്കുക യാണ്. ആഗസ്റ്റ് 15-ന് നിരോധനം തീരുന്നതോടെ പണി പുനരാരാംഭിക്കുന്ന താണ്. പൊതുമരാമത്ത് റോഡുകളിലെ പ്രധാന വിതരണ പൈപ്പുകളുടെ പണി പൂർത്തിയാവുന്നതോടെ വിതരണ ശൃംഖല യുടെ വലിയ ഭാഗം ചാർജ്ജ് ചെയത് കുടിവെള്ള കണക്ഷനുകൾ നൽകാവുന്ന താണ്. ഇതുവരെ ഈ മേഖലയിൽ 16 കി.മീ നീളത്തിൽ വിതരണശൃംഖല ചാർജ്ജ് ചെയ്തിട്ടുണ്ട്. ഇവിടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷനുകൾ നൽകുന്ന താണ്.

സെക്ഷൻ ഓഫീസർ

JSK/